**മധുരമായ കുട്ടികളേ - സ്നേഹത്തോടുകൂടി മുരളി കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യൂ, ജ്ഞാന രത്നങ്ങളാൽ തന്റെ സഞ്ചി നിറയ്ക്കൂ അപ്പോൾ ഭാവിയിൽ രാജ്യാധികാരിയായി മാറും.**

**ചോദ്യം:–** ശിവബാബയെ എന്തുകൊണ്ടാണ് ഭോലാനാഥനെന്ന് പറയുന്നത്?
**ഉത്തരം:–** എന്തുകൊണ്ടെന്നാൽ ശിവബാബ എല്ലാ കുട്ടികളെയും പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുന്നു. ഒരു സെക്കന്റിൽ പാവനമാക്കുന്നു. പറയുന്നുമുണ്ട് രാജാ ജനകന് സെക്കന്റിൽ ജീവൻമുക്തി ലഭിച്ചുവെന്ന് അപ്പോൾ ഒരു ജനകന്റെ മാത്രം കാര്യമല്ല നിങ്ങൾ എല്ലാവർക്കും, ബാബ ഒരു സെക്കന്റിൽ ജീവൻ മുക്തി നൽകുന്നു. ഭാരതത്തെ പാവനമാക്കുന്നു. ദുഖിതരായ കുട്ടികളെ സദാ കാലത്തേയ്ക്ക് സുഖികളാക്കി മാറ്റുന്നു, അതിനാൽ ബാബയെ എല്ലാവരും ഭോലാനാഥനെന്ന് പറഞ്ഞ് ഓർമ്മിക്കുന്നു. ശങ്കരനെ ഭോലാനാഥനെന്ന് പറയുകയില്ല.

**ഗീതം:–** ഭോലാനാഥനെ പോലെ വിചിത്രനായി ആരും തന്നെയില്ല....

**ഓം ശാന്തി**. ഭോലാനാഥനായ ബാബ കുട്ടികൾക്ക് ആദ്യമാദ്യം നിർദ്ദേശം നൽകുകയാണ് ഭോലാനാഥന്റെ ഓർമ്മയിലിരിക്കൂ. മനുഷ്യനെ ഭോലാനാഥനെന്ന് പറയുകയില്ല. ഭോലാനാഥനെന്ന് ശിവബാബയെ മാത്രമേ പറയൂ. ശങ്കരനെ പോലും ഭോലാനാഥനെന്ന് പറയുകയില്ല. ആരാണോ പതിതത്തിൽ നിന്നും പാവനം അർത്ഥം ദുഖിതരെ സുഖികളാക്കുന്നത്, അവരെ തന്നെയാണ് ഭോലാനാഥനെന്ന് പറയുന്നത്. പതനവും ഭാരതവാസികളുടെയാണ് അതിനാൽ ഭാരതത്തെ പാവനമാക്കുന്നയാളും തീർച്ചയായും ഭാരതത്തിൽ തന്നയല്ലേ വരിക. പാവനമാക്കുന്നതിന്റെ യുക്തി സെക്കന്റിൽ പറഞ്ഞു തരുന്നു. ജനകനും യുക്തി നൽകിയിരുന്നു. ഒരാളെ മാത്രമല്ല പതിതത്തിൽ നിന്ന് പാവനമാക്കുന്നത്. അഥവാ ജനകനെ പാവനമാക്കി അദ്ദേഹം ജീവൻ മുക്തി നേടി എങ്കിൽ തീർച്ചയായും രാജധാനിയുണ്ടായിരിക്കും. അവരോടൊപ്പം അനേകർക്ക് ജീവൻമുക്തി ലഭിച്ചിട്ടുണ്ടാവും. ഭാരതവാസികൾ ഇതും മനസ്സിലാക്കുന്നു ഭാരതം ജീവൻ മുക്തമായിരുന്നു. സ്വർഗ്ഗത്തെ ജീവൻമുക്തമെന്ന് പറയുന്നു. നരകത്തെ ജീവൻ ബന്ധനമെന്ന് പറയുന്നു. ഇത് രാജയോഗമാണ്. രാജയോഗത്തിലൂടെ മാത്രമാണ് രാജ്യഭാഗ്യം സ്ഥാപിതമാകുന്നത്. ഒരു ജനകന്റെ കാര്യമല്ല. ഭഗവാൻ രാജയോഗം പഠിപ്പിച്ചുവെങ്കിൽ രാജ്യഭാഗ്യവും നൽകുന്നു. സത്യയുഗത്തിൽ ലക്ഷ്മീ നാരായണൻ എങ്ങനെ രാജ്യഭാഗ്യം നേടിയെന്ന് കാണുന്നുണ്ട്. ഇപ്പോഴാണെങ്കിൽ കലിയുഗമാണ്. പ്രജയുടെ മേൽ പ്രജയുടെ രാജ്യം സ്ഥാപിതമായിരിക്കുകയാണ്. ഇതാണ് ജനാധിപത്യ രാജ്യം. ഇതിന് ശേഷമാണ് സത്യയുഗം. നിങ്ങൾക്കറിയാം – ലക്ഷ്മീ നാരായണൻ കഴിഞ്ഞ ജന്മത്തിൽ ഇങ്ങനെയുള്ള കർത്തവ്യം ചെയ്തിട്ടുണ്ടായിരുന്നു അപ്പോഴാണ് സൂര്യവംശീ രാജ്യം നേടിയത്. പിന്നീടാണ് ചന്ദ്രവംശീ. അതാണെങ്കിൽ രാജ്യത്തിന്റെ ട്രാൻസ്ഫറുണ്ടാവുകയാണ്. നിങ്ങൾക്കറിയാം ഗീതയാണ് സർവ്വോത്തമ ധർമ്മശാസ്ത്രം, അതിലൂടെ മൂന്ന് ധർമ്മം സ്ഥാപിതമാകുന്നു. മറ്റെല്ലാ ധർമ്മത്തിന്റെയും ശാസ്ത്രം ഒന്ന് മാത്രമാണ്. സംഗമത്തിന്റെയും ഒരേയൊരു ശാസ്ത്രമാണ്. മഹിമയും ഗീതയുടെത് തന്നെയാണ്, അതിലൂടെ എല്ലാവരുടെയും സദ്ഗതിയുണ്ടാവുന്നു. അതിനാൽ സദ്ഗതി ചെയ്യുന്നത് ഒരേയൊരാൾ മാത്രമാണ്. ഗീതയിലും രുദ്ര ജ്ഞാന യജ്ഞത്തെ വർണ്ണിക്കുന്നുണ്ട്, ഏതിലൂടെയാണോ ഈ പഴയ നരകത്തിന്റെ വിനാശമുണ്ടാകുന്നത് അതുപോലെ സ്വർഗ്ഗത്തിന്റെ സ്ഥാപനയും ഉണ്ടാകുന്നു. ഇതിൽ ആശയകുഴപ്പത്തിന്റെ കാര്യമില്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – ആദ്യമാദ്യം ബാബയുടെ പരിചയം നൽകണം വിശ്വത്തിൽ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന വിശ്വത്തിന്റെ അധികാരി. ബാബ എല്ലാവരുടെയും അച്ഛനാണ് പിന്നെ ഈ ലക്ഷ്മീ നാരായണൻ വിശ്വത്തിന്റെ അധികാരിയാണ്. അവർക്ക് തീർച്ചയായും ശിവബാബ തന്നെയാണ് രാജ്യം നൽകിയിട്ടുണ്ടാവുക. ഇപ്പോൾ കലിയുഗമാണ്. ഭാരതം കക്കയ്ക്ക് തുല്യമാണ്, കടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു അതിനാൽ സ്വർണ്ണം വാങ്ങുന്നതിന്റെ പദ്ധതി ചെയ്തുകൊണ്ടിരിക്കുന്നു. ഭാരതം വീണ്ടും എങ്ങനെ വജ്ര തുല്യമായി മാറും. ലക്ഷ്മീ നാരായണന് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം ലഭിച്ചിട്ടില്ലേ.

ഇതും നിങ്ങൾ കുട്ടികൾക്കറിയാം – നിന്ദ അനുഭവിക്കുക തന്നെ വേണം. ഭാരതത്തിൽ ദേവതകളും നിന്ദ അനുഭവിച്ച് വന്നതാണ് മറ്റു ദേശത്തിലുള്ളവർ ഒരുപാട് മഹിമ ചെയ്യുന്നു, അവർക്കറിയാം ഇവർ പ്രാചീന ഭാരതത്തിന്റെ അധികാരിയായിരുന്നുവെന്ന്. ഇപ്പോൾ നിങ്ങൾ കുട്ടികൾ പ്രാക്ക്ടിക്കലായി കണ്ടുകൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികളിൽ ആരാണോ വിശാല ബുദ്ധികൾ അവർക്ക് മാത്രമേ സന്തോഷമുണ്ടാകൂ. വിശാല ബുദ്ധികൾ അവരാണ് ആരാണോ ധാരണ ചെയ്ത് പിന്നീട് മറ്റുള്ളവരെ

ചെയ്യിക്കുന്നത്. ഇങ്ങനെ മനസ്സിലാക്കരുത് അവിടെ സത്സംഗങ്ങൾ മുതലായവയിലാണെങ്കിൽ 5–10 ആയിരമാളുകൾ ദിവസവും പോകുന്നു, ഇവിടെയാണെങ്കിൽ ഇത്രയും വരുന്നില്ല. ഭക്തിയാണെങ്കിൽ തീർച്ചയായും വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ആരാണോ കല്പം മുമ്പ് മനസ്സിലാക്കിയത് അവർക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു. ജനങ്ങൾ കഥ കേൾപ്പിക്കുന്നു കേൾക്കുന്നവർ കേട്ടിട്ട് വീട്ടിലേക്ക് പോകും അത്രമാത്രം. ഇവിടെയാണെങ്കിൽ എത്ര പരിശ്രമിക്കേണ്ടി വരുന്നു. പവിത്രതയുടെ മേൽ എത്ര പ്രശ്നമാണുണ്ടാവുന്നത്. ഗവൺമെന്റിന് പോലും ഒന്നും ചെയ്യാൻ സാധിക്കില്ല. ഈ പാണ്ഡവ ഗവൺമെന്റ് ഗുപ്തമാണ്. അണ്ടർ ഗ്രൗണ്ട് സേന എന്ന് ഒരു പേരാണ്. നിങ്ങൾ ശക്തി സേന ഗുപ്തമാണ്. നിങ്ങളെ ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ നോൺ വയലൻസ് ശക്തി സേനയാണ്. ഇതിന്റെ അർത്ഥം ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ഗീതയുടെ അക്ഷരത്തിന്റെയും അർത്ഥം മനസ്സിലാക്കാൻ സാധിക്കില്ല. ബാബ സ്വയം പറയുകയാണ്, ഈ ജ്ഞാനം പ്രായലോഭമായി പോകുന്നു. ലക്ഷ്മീ നാരായണനിലും ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. ഞാൻ ഈ ജ്ഞാനം കേൾപ്പിച്ച് രാജധാനി സ്ഥാപിക്കുന്നു, അത് ആരുടെയും ബുദ്ധിയിലില്ല. ഈ ബാബയും ഗീത മുതലായവ പഠിച്ചിരുന്നു. പക്ഷെ ഈ കാര്യം ബുദ്ധിയിലുണ്ടായിരുന്നില്ല. ഇപ്പോൾ നോക്കൂ സെന്ററുകളും എത്രയാണ് തുറക്കുന്നത്. പവിത്രതയുടെ മേൽ വിഘ്നവും ഉണ്ടായികൊണ്ടിരിക്കുന്നു പ്രാക്ടിക്കലിൽ. മുമ്പും ഉണ്ടായിട്ടുണ്ട്. ആ ഗീതാ പാഠശാലകളിൽ വിഘ്നത്തിന്റെ കാര്യമുണ്ടാകുന്നില്ല. ഇവിടെ നിങ്ങൾ ബ്രഹ്മാകുമാരനും കുമാരിയുമാവുകയാണ്. ഈ അക്ഷരമാണെങ്കിൽ ഗീതയിൽ പോലുമില്ല. ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ, ബ്രഹ്മാകുമാരനും കുമാരിയുമാണെങ്കിൽ ഓരോ മനുഷ്യനുമാണ്, കേവലം ഭാരതവാസി മാത്രമല്ല. പക്ഷെ എല്ലാ മനുഷ്യരും മുഴുവൻ സൃഷ്ടിയുടെയാണ്. എല്ലാവരും പ്രജാപിതാ ബ്രഹ്മാവിനെ ആദം എന്ന് പറയുന്നു. മനസ്സിലാക്കുന്നു അദ്ദേഹം മനുഷ്യ സൃഷ്ടിയുടെ ആദ്യത്തെ ഹെഡാണ്. മനുഷ്യ വർഗ്ഗം സ്ഥാപിക്കുന്ന ആൾ. ഇങ്ങനെയല്ല മനുഷ്യ സൃഷ്ടിയേയുണ്ടായിരുന്നില്ല പിന്നീട് ബ്രഹ്മാവ് ജനിച്ചു, അവരുടെ മുഖത്തിലൂടെ മനുഷ്യനെ രചിക്കുന്നു. ഇല്ല, അഥവാ ഒരു മനുഷ്യനും ഇല്ലായെങ്കിൽ പിന്നെ മുഖവംശാവലിയും ഉണ്ടാവാൻ സാധിക്കില്ല. ബ്രഹ്മാ മുഖവംശാവലിയുമില്ല, ബ്രഹ്മാ ശരീരവംശാവലിയുമുണ്ടാവാൻ സാധിക്കില്ല. സൃഷ്ടിയാണെങ്കിൽ മുഴുവനുമാണ്, ഇത് വിത്ത് നടീലാണ്. ഈ പുതിയ പുതിയ കാര്യങ്ങൾ മനസ്സിലാക്കാനുള്ളതാണ്. ചിലരുടെ ബുദ്ധിയിലിരിക്കാൻ സമയമെടുക്കുന്നു. ചിലരാണെങ്കിൽ ഒരു മാസമെങ്കിലും നിൽക്കുന്നു. എങ്ങനെയാണോ നോക്കൂ ബാംഗ്ലൂരിലെ അംഗന എന്ന കുട്ടിക്ക് വളരെയധികം ലഹരി വർദ്ധിച്ചിരുന്നു. അത് നമുടെ കൂടെ 20 വർഷമായവർക്ക് പോലും ഇല്ലായിരുന്നു. സന്തോഷത്തിൽ നൃത്തം ചെയ്തിരുന്നു. ഭഗവാനെ ലഭിച്ചു, സന്തോഷത്തിന്റെ കാര്യമല്ലേ. ഭഗവാൻ വന്ന് മായയിൽ നിന്ന് രക്ഷിക്കുന്നു. പിന്നീട് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം സ്ഥാപിക്കുന്നു. ബാബയാണെങ്കിലോ വളരെ വ്യക്തമായി മനസ്സിലാക്കി തരുന്നു. ഞാൻ ഈ സാധാരണ ശരീരത്തിലൂടെ വീണ്ടും നിങ്ങൾ കുട്ടികളെ അതേ സഹജ രാജയോഗവും സൃഷ്ടി ചക്രത്തിന്റെ ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം പഠിപ്പിക്കുകയാണ്. നിങ്ങൾക്ക് പറയാൻ കഴിയണം വരൂ എങ്കിൽ ഞങ്ങൾ താങ്കൾക്ക് സത്യയുഗം മുതൽ കലിയുഗത്തിന്റെ അവസാനം വരെയുള്ള ചരിത്രം കേൾപ്പിക്കാം ഇപ്പോൾ വീണ്ടും എങ്ങനെയാണ് സത്യയുഗം വരുന്നതെന്ന്. തീർച്ചയായും പഠിപ്പിക്കുന്ന ആളും വേണം. നമ്മേ പഠിപ്പിക്കുകയാണ് അപ്പോഴാണല്ലോ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ബാക്കി ആരെല്ലാമാണോ ഗീത കേൾപ്പിക്കുന്നവർ, അവരിൽ നിന്ന് നിങ്ങൾ ഒരുപാട് കേട്ടതാണ്. അനേകം ലക്ചേഴ്സ് ഉണ്ടായി കൊണ്ടിരിക്കുന്നു. പക്ഷെ അവർ ഈ ധർമ്മത്തിലുള്ളതല്ലാത്തതു കാരണം ഇതിന് നേരെ ആകർഷിക്കുന്നില്ല. എപ്പോൾ നിങ്ങളുടെ പ്രഭാവമുണ്ടാകുന്നോ പിന്നീട് വൃദ്ധിയുണ്ടാകും. പതുക്കെ പതുക്കെ വൃദ്ധിയുണ്ടായികൊണ്ടിരിക്കും. ഇതാണെങ്കിൽ അറിയാം – ഭാരതം എത്ര ദരിദ്രമാണ്. അനേകം മനുഷ്യർ വിശന്ന് മരിക്കുന്നു. ദുഖിതരാണ്. ഭഗവാന്റെ ഭക്തി ചെയ്യുന്നു വന്ന് ദുഖത്തിൽ നിന്ന് മോചിപ്പിക്കൂ. സുഖകരമായ സൃഷ്ടി എപ്പോൾ ഉണ്ടാകുന്നുവെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇവിടെ നിങ്ങൾ കുട്ടികളുടെ സഞ്ചി ഈ അവിനാശീ ജ്ഞാന രത്നങ്ങളാൽ നിറഞ്ഞു കൊണ്ടിരിക്കുന്നു. മുമ്പ് എല്ലാവരും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്തിരുന്നു പക്ഷെ അതിൽ സഞ്ചി നിറക്കുന്നതിന്റെ പ്രശ്നമില്ല. കേവലം ഇപ്പോഴാണ് നിങ്ങളുടെ സഞ്ചി നിറഞ്ഞു കൊണ്ടിരിക്കുന്നത് ആരാണോ ടേപ്പ് കേൾക്കുകയും അഥവാ മുരളി പഠിക്കുകയും അഥവാ കേട്ടു കൊണ്ടുമിരിക്കുന്നവർ അവരും സഞ്ചി നിറച്ചു കൊണ്ടിരിക്കുകയാണ്.

നിങ്ങളാണ് ശിവ ശക്തി സേന, ഭാരതത്തിന്റെ സഞ്ചി നിറക്കുന്നവർ. ഭാരതം വളരെ സമ്പന്നമായി മാറും. പക്ഷെ ആരാണോ സഞ്ചി നിറക്കുന്നത്, കേവലം അവർ രാജ്യം ഭരിക്കുമല്ലോ. ഭാരതം സ്വർണ്ണത്തിന്റെ പക്ഷിയായിരുന്നു വീണ്ടും ആയി മാറും. എല്ലാവരും സുഖികളാകും. പക്ഷെ ഭാരതത്തിൽ എത്ര കോടിയാണ്. ഇത്രയുമൊന്നും അവിടെ ഉണ്ടാവില്ല. ആരാണോ സഞ്ചി നിറക്കുന്നത്, അവരേ രാജ്യഭാഗ്യം

നേടൂ. ഇതിൽ എങ്ങനെ ആവും എന്ന ആശയകുഴപ്പത്തിന്റെ കാര്യം തന്നെയില്ല. ഈ ലക്ഷ്മീ നാരായണനെ നോക്കൂ. ഇവർ സത്യയുഗത്തിലെ അധികാരികളല്ലേ. സ്വർഗ്ഗത്തിന്റെ രചയിതാവ് ശിവബാബയാണ് ഈ ലക്ഷ്മീ നാരായണൻ സത്യയുഗത്തിന്റെ അധികാരിയാണ്. തീർച്ചയായും കഴിഞ്ഞ ജന്മത്തിൽ പുരുഷാർത്ഥം ചെയ്തിട്ടുണ്ട്. കഴിഞ്ഞ ജന്മമുണ്ടാവുക സംഗമത്തിലാണ്. സംഗമം മംഗളകാരിയാണല്ലോ എന്തുകൊണ്ടെന്നാൽ സംഗമ യുഗത്തിൽ തന്നെയാണ് ലോകം മാറുന്നത് അതിനാൽ തീർച്ചയായും കലിയുഗത്തിന്റെയും സത്യയുഗത്തിന്റെയും ഇടയ്ക്ക് ജ്ഞാനം നൽകിയിട്ടുണ്ടാവും. അത് ഇപ്പോൾ വീണ്ടും നൽകി കൊണ്ടിരിക്കുന്നു. പിന്നീട് ചിലർ പറയും നിരാകാരനായ പരമാത്മാവ് എങ്ങനെ വന്ന് രാജയോഗം പഠിപ്പിക്കും. അപ്പോൾ നിങ്ങൾ ത്രിമൂർത്തിയെ കാണിക്കൂ. ബ്രഹ്മാവിലൂടെ സ്ഥാപന... അതിനാൽ ആര് സ്ഥാപന ചെയ്യുന്നോ അവർ പാലിക്കുകയും ചെയ്യും. എങ്ങനെ ക്രിസ്തു സ്ഥാപന ചെയ്തു പിന്നീട് പാലിക്കുന്നതിന് വേണ്ടി പോപിനെയും തീർച്ചായായും ഉണ്ടാക്കേണ്ടി വന്നു. തീരിച്ച് ആർക്കും പോകാൻ സാധിക്കില്ല. തീർച്ചയായും പാലിക്കണം. പുനർജന്മം എടുക്കുക തന്നെ വേണം, ഇല്ലായെങ്കിൽ സൃഷ്ടിയെങ്ങനെ വർദ്ധിക്കും. എങ്ങനെയാണോ സത്യ-ത്രേതായുഗത്തിൽ ആദ്യം ദേവതകളുടെ രാജ്യമായിരുന്നപ്പോൾ ഏറ്റവും കൂടുതൽ കണക്ക് തീർച്ചയായും അവരുടെത് തന്നെയായിരിക്കണം. പിന്നെ എന്തു കൊണ്ട് ക്രിസ്ത്യൻസിന്റെ കൂടുതലായി? പിന്നീട് ലക്ഷക്കണക്കിന് വർഷത്തിന്റെ ഒരു കാര്യവുമില്ല. ആരാണോ തന്റെ കുലത്തിലുള്ളവർ അവരേ ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കൂ. മറ്റുള്ളവർക്ക് തറക്കുകയില്ല. ഇത് ജ്ഞാനത്തിന്റെ അമ്പാണല്ലോ. ബാബ പറയുന്നു ആരെ വേണമെങ്കിലും കൊണ്ട് വരൂ എങ്കിൽ ജ്ഞാന ബാണം തറക്കും. ബ്രാഹ്മണകുലത്തിലെതാണെങ്കിൽ അമ്പ് തറച്ച് കയറും. ശാസ്ത്രങ്ങളിൽ കാണിച്ചിരിക്കുന്നു - യുദ്ധത്തിൽ യാദവരും കൗരവരും മരിച്ചു. പാണ്ഡവർ 5 പേരായിരുന്നു. പിന്നീട് ഹിമാലയത്തിൽ പോയി മരിച്ചു. ഇപ്പോൾ അങ്ങനെയൊന്നും സാധ്യമല്ല. പാടുന്നുമുണ്ട് ആത്മഹത്യ മഹാപാപമാണ്. ആത്മാവിന് ഒരിക്കലും മരണമുണ്ടാകുന്നില്ല. ആത്മാവ് സ്വയം പോയി ശരീരത്തിന്റെ ഹത്യ അഥവാ വിനാശം ചെയ്യുന്നു. ഇപ്പോൾ പാണ്ഡവർ ആർക്കാണോ പരമാത്മാവ് ശ്രീമതം നൽകിയിരുന്നത്, അവർ പോയി പർവ്വതത്തിന് മുകളിൽ മരിച്ചു, ഇത് സംഭവ്യമല്ല. ശരി അവരാണെങ്കിൽ 5 പാണ്ഡവരായിരുന്നു. ബാക്കി മറ്റു പാണ്ഡവർ എവിടെ പോയി? സേനയാണെങ്കിൽ കാണുന്നില്ല. നിങ്ങൾക്കറിയാം വിനാശമെങ്ങനെയുണ്ടാകും. നിങ്ങൾ കാണുകയും ചെയ്യും. നിങ്ങൾ കുട്ടികൾക്ക് ഒരുപാട് സാക്ഷാത്ക്കാരമുണ്ടാകും. തുടക്കത്തിൽ നിങ്ങൾക്ക് ഒരുപാട് സാക്ഷാത്ക്കാരമുണ്ടായിട്ടുണ്ടായിരുന്നു. ഇടയ്ക്ക് ലക്ഷ്മിയെ, ഇടയക്ക് നാരായണനെ ക്ഷണിച്ചിരുന്നു. എത്ര സാക്ഷാത്ക്കാരമുണ്ടായിരുന്നു പിന്നീട് അവസാന സമയം എപ്പോൾ നിലവിളി ഉണ്ടാകുന്നോ അപ്പോൾ വീണ്ടും നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും. പ്രശ്നമുണ്ടാകുമ്പോൾ നിങ്ങൾ കുട്ടികൾ വന്ന് ഇവിടെ ഒരുമിക്കും അതുകൊണ്ടാണ് മധുബനിൽ കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നത്. പിന്നീട് നിങ്ങൾ കുട്ടികൾക്ക് ഈ സാക്ഷാത്ക്കാരത്താൽ സന്തോഷത്തിൽ നൃത്തം ചെയ്യും, പക്ഷെ ചിറ്റമ്മയുടെ വീട്ടിൽ പോകല്ല, എല്ലാവരും ഇവിടെ വന്ന് ചേരാൻ. ആരാണോ സത്പുത്രനായ കുട്ടികൾ ബാബയുടെ സഹായികൾ, അവർ വരും. അഥവാ പാണ്ഡവരുടെ ലയിക്കുന്നതിന്റെ കാര്യമുണ്ടെങ്കിൽ പിന്നെ കെട്ടിടങ്ങൾ എന്തിനുണ്ടാക്കണം! ഏതെങ്കിലും കാര്യത്തിൽ സംശയമുണ്ടെങ്കിൽ അനന്യ കുട്ടികളോട് ചോദിക്കൂ. ഇല്ലായെങ്കിൽ ഈ ബ്രഹ്മാബാബ ഇരിക്കുന്നുണ്ട്. ഇദ്ദേഹത്തിന് പറയാൻ കഴിഞ്ഞില്ലെങ്കിൽ വലിയ ബാബ (ശിവബാബ) ഇരിക്കുന്നുണ്ട്. ഇതാണെങ്കിൽ മനസ്സിലാക്കി തന്നിട്ടുണ്ട് ഇപ്പോൾ മനസ്സിലാക്കാൻ വളരെയധികം ബാക്കിയുണ്ട്. മുഴുവൻ ചക്രത്തിന്റെയും രഹസ്യം ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. എത്ര പോയിന്റുകൾ വന്നു കൊണ്ടിരിക്കുന്നു. കൂടുതൽ സമയമുണ്ടെങ്കിൽ തീർച്ചയായും ഇനിയും മനസ്സിലാക്കി തരും. പക്ഷെ ആദ്യം മുഖ്യമായ കാര്യം ഇത് തീർച്ചയായും എഴുതണം, പെട്ടെന്ന് രക്തം കൊണ്ട് എഴുതിക്കണം നമുക്ക് നിശ്ചമുണ്ട് പരംപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നതെന്ന്. ഇങ്ങനെയല്ല കേവലം എഴുതുന്നതിലൂടെ മാറ്റമുണ്ടാകുന്നു. പറയുകയാണ് നമ്മൾ ഇങ്ങനെ എഴുതിയിട്ടുണ്ട്. കൂടുതൽ ആരോടും തലയിട്ടുടക്കരുത്. പറയൂ ഭഗവാനു വാച- ഭഗവാൻ എന്ന് നമ്മൾ ശിവബാബയെ അംഗീകരിക്കുന്നു. ശിവബാബ ജ്ഞാനത്തിന്റെ സാഗരൻ, സച്ചിതാനാന്ദ സ്വരൂപമാണ്. ബാബയ്ക്ക് സ്വന്തം ശരീരമില്ല. അതിനാൽ തീർച്ചയായും സാധാരണ ശരീരത്തിന്റെ ആധാരമെടുക്കുമല്ലോ. അതിനാൽ ആദ്യമാദ്യം ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ദേഹത്തിന്റെ എല്ലാ ധർമ്മത്തെയും ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാവുകയും എന്റെ കൂടെ വരികയും ചെയ്യും, ചക്രത്തെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായി മാറും. ബാബ എത്ര മധുരമാണ് ആക്കുന്നതും നോക്കൂ എത്ര മധുരമാണ്. സത്യയുഗത്തിന്റെ അടയാളങ്ങളാണ് അത് പിന്നീട് തീർച്ചയായും ആവർത്തിക്കും. കലിയുഗവുമാണ്. ഇപ്പോൾ നിങ്ങൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്, വിനാശം മുന്നിൽ നിൽക്കുകയാണ് ഇനി എന്ത് തെളിവ് നൽകാൻ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും.  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബക്ക് സമാനമായി മാറണം. ഭഗവാൻ വന്ന് മായയിൽ നിന്ന് നമുടെ രക്ഷ ചെയ്യുന്നു, ഈ സന്തോഷത്തിലിരിക്കണം.

2) ഒരു കാര്യത്തിലും സംശയിക്കരുത്, സത്പുത്രന്മാരായി മാറി ബാബയുടെ പൂർണ്ണമായ സഹായി ആകണം.

## വരദാനം:- ബ്രഹ്മാ ബാബയുടെ സംസ്ക്കാരങ്ങളെ സ്വയത്തിൽ ധാരണ ചെയ്യുന്ന സ്വ പരിവർത്തകരും വിശ്വ പരിവർത്തകരുമായി ഭവിക്കൂ

ഏതുപോലെയാണോ ബ്രഹ്മാബാബ തന്റെ സംസ്ക്കാരങ്ങളെ നിർമ്മിച്ചത്, അത് എല്ലാ കുട്ടികൾക്കും അന്തിമ സമയത്ത് ഓർമ്മയും നൽകി - നിരാകാരി, നിർവ്വികാരി, നിരഹങ്കാരി - ബ്രഹ്മാബാബയുടെ ഈ സംസ്ക്കാരം തന്നെ ബ്രാഹ്മണരുടെ സ്വാഭാവിക സംസ്ക്കാരമാകണം. സദാ ഈ ശ്രേഷ്ഠ സംസ്ക്കാരങ്ങളെ മുന്നിൽ വയ്ക്കൂ. മുഴുവൻ ദിവസത്തിലും ഓരോ കർമ്മം ചെയ്യുന്ന സമയത്തും പരിശോധിക്കൂ മൂന്ന് സംസ്ക്കാരങ്ങളും തന്നെ ഇമർജ് രൂപത്തിൽ ഉണ്ടോ. ഈ സംസ്ക്കാരങ്ങളെ ധാരണ ചെയ്യുന്നതിലൂടെ സ്വ പരിവർത്തകനും വിശ്വ പരിവർത്തകനുമായി മാറും.

## സ്ലോഗൻ:- അവ്യക്ത സ്ഥിതി ഉണ്ടാക്കണമെങ്കിൽ ചിത്രത്തെ (ശരീരത്തെ) കാണാതെ ചൈതന്യത്തെയും ഗുണത്തെയും കാണൂ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ :** ബാബയ്ക്ക് തന്റെ കുട്ടികളോട് ഇത്രയും സ്നേഹമുണ്ട്, ജീവിതത്തിലെ സുഖ-ശാന്തിയുടെ എല്ലാ കാമനകളും പൂർത്തീകരിക്കുന്നു. ബാബ സുഖം മാത്രമല്ല നൽകുന്നത് എന്നാൽ സുഖത്തിന്റെ ഭണ്ഢാരത്തിന്റെ അധികാരിയാക്കി മാറ്റുന്നു. അതിനോടൊപ്പം ഭാഗ്യത്തിന്റെ രേഖ വരയ്ക്കുന്നതിനുള്ള പേനയും നൽകുന്നു, എത്ര ആഗ്രഹിക്കുന്നോ അത്രയും ഭാഗ്യമുണ്ടാക്കാൻ സാധിക്കും - ഇതാണ് പരമാത്മാ സ്നേഹം. ഈ സ്നേഹത്തിൽ ലയിച്ച് കഴിയൂ.